# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.8/1481/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 11/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം (AIMS മുഖേന)
2) ജോയിന്റ് ഡയറക്ടർ, LSGD, മലപ്പുറം ( E-mail മുഖേന)
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.8/1481/2023 തീയ്യതി: 11/09/2023

## മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-03-2023 മുതൽ 18-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-06-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 19-06-2023 | 24-06-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-06-2023 | 24-06-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുൽ റഷീദ്.എം.പി, ഓഡിറ്റ് ഓഫീസർ

ശ്രീ. മുഹമ്മദ് ഫാറൂഖ്.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. സുജിത.പി.കെ, ഓഡിറ്റർ

ശ്രീ. മൊയ്തീൻ ഫാസിൽ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.ഇ.സിന്ധു | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അമൽ ദാസ്.കെ.ജെ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മൊഹ്സിൻ മൊയ്തീൻ | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷീല.എസ് | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2022 | 24-08-2022 |
| ശ്രീമതി.ബിന്ദു. കെ.കെ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 25-08-2022 | 09-10-2022 |
| ശ്രീ.വിനയൻ.എം.വി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 10-10-2022 | 31-03-2023 |
| ശ്രീ.അരുൺനാഥ് സോമനാഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്സി | 01-04-2022 | 31-10-2022 |
| ശ്രീ.അരുൺ എം.പി | മെഡിക്കൽ ഓഫീസർ, സി.എച്ച്സി | 01-11-2022 | 31-03-2023 |
| ശ്രീ.ഷിഹാബുദ്ധീൻ.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആശാറാണി പി.എസ് | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 16-12-2022 |
| ശ്രീമതി.അംബിക പുതിരുത്തി | ശിശു വികസന പദ്ധതി ഓഫീസർ( ഇൻ ചാർജ്) | 17-12-2022 | 21-12-2022 |
| ശ്രീമതി.പ്രസന്ന പി.എം | ശിശു വികസന പദ്ധതി ഓഫീസർ | 22-12-2022 | 31-03-2023 |
| ശ്രീ.പ്രഭാകരൻ കെ.ബി | സീനിയർ വെറ്ററിനറി സർജൻ | 01-04-2022 | 18-07-2022 |
| ശ്രീമതി.അനിത പ്രസാദ് | സീനിയർ വെറ്ററിനറി സർജൻ | 19-07-2022 | 24-08-2022 |

| | | | |
|---|---|---|---|
| ശ്രീ.അനിൽ കുമാർ വി.ടി | സീനിയർ വെറ്ററിനറി സർജൻ | 25-08-2022 | 31-03-2023 |
| ശ്രീ.അജയകുമാർ. പി | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ജിജോ ടി.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീമതി.രശ്മി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2022 | 31-03-2023 |
| ശ്രീ.ശ്രീജിത്ത് എം | വ്യവസായ വികസന ഓഫീസർ | 01-04-2022 | 26-04-2022 |
| ശ്രീ.നിസാം.കെ കാരി | വ്യവസായ വികസന ഓഫീസർ | 27-04-2022 | 06-05-2022 |
| | | 29-09-2022 | 12-10-2022 |
| ശ്രീമതി.ജുവൈരിയ എ.പി | വ്യവസായ വികസന ഓഫീസർ | 07-05-2022 | 28-09-2022 |
| ശ്രീമതി.സിന്ധു എം.ബി | വ്യവസായ വികസന ഓഫീസർ | 13-10-2022 | 31-03-2023 |
| ഡോ.സീമ. സി | ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനിത.കെ.ടി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 23-12-2022 |
| ശ്രീമതി.ഗ്രേസി.പി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് | 24-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | വാർഷിക ധനകാര്യപത്രിക | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-11 |
| 17 | മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല | 1-12 |
| 18 | മരുന്നുകൾ വാങ്ങിയത് ക്രമപ്രകാരമല്ല | 1-13 |
| 19 | ചിപ്പി വളർത്തൽ കൃഷിയിലെ അപാകത | 1-14 |
| 20 | ടെണ്ടർ നടപടികളില്ലാതെ SIDCO യിൽ നിന്നും പർച്ചേസ് ചെയ്തു | 1-15 |
| 21 | അരുണിമ പദ്ധതി വിളർച്ചാ രോഗം കണ്ടെത്തുന്നവർക്ക് പോഷകാഹാരം നൽകൽ- അപാകതകൾ | 1-16 |
| 22 | CDPO നടപ്പാക്കിയ സുകൃതം പദ്ധതി- വിതരണ വിവരം ലഭ്യമാക്കേണ്ടതാണ് | 1-17 |
| 23 | സർക്കാർ ഉത്തരവിനു വിരുദ്ധമായി ARTCO മുഖേന പ്രൊജക്റ്റ് നടപ്പാക്കി. | 1-18 |
| 24 | പ്രീ-മെട്രിക് ഹോസ്റ്റലിലേക്ക് വാഷിംഗ് മെഷീൻ വാങ്ങൽ- വാങ്ങൽ നിബന്ധനകൾ പാലിച്ചില്ല- | 1-19 |
| 25 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രൊജക്റ്റുകൾ - പൊതു അവലോകനം | 1-20 |
| | ഭാഗം **2** | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4



| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ | 4-11 |



## അനുബന്ധം



| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10(1)/19.05.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 01.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 07/08/2023

### 1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 452600/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 1821190/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

എ) B-18 പ്രകാരം വിവിധ ഹെഡുകളിലായി 1826186 രൂപയുടെ മുൻകൂർ ക്രമീകരിക്കാനുണ്ട്. എന്നാൽ രജിസ്റ്ററിൽ NREGS ന് അഡ്വാൻസ് നൽകിയതു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് ഹെഡുകളിലുള്ള അഡ്വാൻസിന്റെ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

ബി) B-7 പ്രകാരം Deposits Received ഇനത്തിൽ വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിലായി 1803445/- രൂപ

ബാധ്യതയുണ്ട്. ആയതിന്റെ കൃത്യത പരിശോധിക്കാനായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

## 1-1-4 ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

Special TSB For NABARD റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ബാങ്ക് സ്റ്റേറ്റ്മെന്റ് ബാലൻസ്-2641290 എന്നാൽ 31.03.2022 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | പുതുക്കിയ തീരുമാന നം./ തിയ്യതി |
|---|---|
| 1(1)/26.03.2022 | നം.1(1)/21/02/2023 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2022-23 | 31.07.2023 | 01.06.2023 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5896138 |
| വരവ് | 75307398 |
| ആകെ | 81203536 |
| ചെലവ് | 73486208 |
| നീക്കിയിരിപ്പ് | 7717328 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 26551000 | 26551000 | 26551000 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9010000 | 9010000 | 9010000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5406000 | 5406000 | 5406000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ടൈഡ് | 0 | 6421000 | 6421000 | 6421000 | O |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് | 0 | 4281000 | 4281000 | 4281000 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2022-23 | 106 | 92156017 | 95 | 62751211 | . | 11 | 89.62 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

## 1-7 ക്ഷേമ പദ്ധതികൾ

ബാധകമല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.06.2023 ന് 10:45 എ.എം-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ഇനത്തിൽ ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സി.ഡി.പി.ഒ സൂക്ഷിക്കുന്ന കാഷ് ബുക്കിൽ ദൈനം ദിന ഇടപാടുകൾ രേഖപ്പെടുത്തുന്നില്ല.
2.പട്ടികജാതി വികസന ഓഫീസർ, ഫിഷറീസ് അസി. ഡയറക്ടർ, സീനിയർ വെറ്ററിനറി സർജൻ എന്നിവർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2.നിർവ്വഹണ ഉദ്യോഗസ്ഥരുടെ വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നതിൽ അപാകതകളുണ്ട്. വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ്(എ.ഡി.സി) | 13.07.2022 | 2021-22 | 16.08.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.06.17-30.06.17 | 2012-13 മുതൽ 2016-17 വരെ | 25-08-2017 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 1/19.06.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 48/2011 പാടത്തങ്ങാടി പുളിക്കക്കടവ് നെട്ടുപുറത്ത് കോളനി കുടിവെള്ള പദ്ധതി(എസ്.സി) | 2011-12 | കേരള വാട്ടർ അതോറിട്ടി | 1960375 | വികസനഫണ്ട് എസ്.സി | 1335255 | 625120 |
| 2 | 41/2012 തുറവാണം അംബേദ്കർ കോളനി പൈപ്പ് ലൈൻ നീട്ടൽ | 2011-12 | കേരള വാട്ടർ അതോറിട്ടി | 237375 | വികസന ഫണ്ട് | 216247 | 21128 |
| 3 | 30/2012 വെളിയങ്കോട് ഒന്നാം വാർഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2011-12 | കേരള വാട്ടർ അതോറിട്ടി | 75000 | വികസന ഫണ്ട് | 0 | 75000 |
| 4 | 43/2012 പള്ളിക്കര വാക്കാട്ട് എസ് സി കോളനി കുടിവെള്ള പദ്ധതി-എസ്.സി | 2011-12 | കേരള വാട്ടർ അതോറിട്ടി | 422000 | വികസന ഫണ്ട് | 422000 | പ്രവൃത്തി പൂർത്തിയായി.വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| 5 | 47/2012 പള്ളിക്കര പള്ളിക്കുന്ന് കുടിവെള്ള പദ്ധതി- എസ്.സി.പി | 2011-12 | കേരള വാട്ടർ അതോറിട്ടി | 130000 | വികസന ഫണ്ട് | 127964 | 2036 |
| 6 | 8/2014- ചേലക്കൽ എസ്.സി കോളനി കുടിവെള്ള പദ്ധതി | 2013-14 | കേരള വാട്ടർ അതോറിട്ടി | 644625 | വികസന ഫണ്ട് | 0 | 644625 |
| 7 | 11/2014- പെരുമങ്ങാട്ട് എസ്.സി കോളനി കുടിവെള്ള പദ്ധതി പുനരുദ്ധാരണം | 2013-14 | കേരള വാട്ടർ അതോറിട്ടി | 480000 | വികസന ഫണ്ട് | 479349 | 651 |
| 8 | 58/2015 തെക്കീട്ടിൽ എസ്.സി കോളനി കുടിവെള്ള | 2014-15 | കേരള വാട്ടർ അതോറിട്ടി | 300000 | വികസന ഫണ്ട് | 201317 | 98683 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | | | | | | |
| ആകെ | | | | | | 1467243 |

മേൽ പ്രവൃത്തികളിലായി 1467243 രൂപ വിവിധ ഏജൻസി/കളിൽ നിന്നും തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-12 മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | 94 /22-23(വിളർച്ച രോഗ നിർണ്ണയം) |
| അടങ്കൽ | 400000 രൂപ (പൊതുവിഭാഗം സാധാരണവിഹിതം) |
| ചെലവ് | 400000 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ സി എച്ച് സി |

മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1.പ്രോജെക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് 377056 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്. (ബിആർഎൻ നമ്പർ 22150463022001212212/20.02.23). എന്നാൽ 157230 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 219826രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു. ലഭ്യമാക്കിയ മരുന്നിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| PRF 4555/17.02.23 | 377056 | 26567/08.03.23 | 2876 |
| | | 27888/27.03.23 | 154354 |
| | | ആകെ | 1,57,230 |

2. ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിലെ സ്ത്രീകളിലെ വിളർച്ച രോഗനിർണ്ണയവും തുടർ പരിചരണവുമാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.രോഗ നിർണ്ണയത്തിനാവശ്യമായ ഹീമോമീറ്ററും ടെസ്റ്റ് സ്ട്രിപ്പും മരുന്നുകളും പർച്ചെയ്സ് ചെയ്യുന്നതിനാണ് പണം ചെലവഴിച്ചിട്ടുള്ളത്. പ്രൊജക്ട് സമയബന്ധിതമായി നടപ്പാക്കുവാൻ നിർവ്വഹണ ഉദ്യാഗസ്ഥന് സാധ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/22.06.2023 ന് മറുപടി യിൽ മരുന്നുകൾ ലഭ്യമാകുന്നതിന് കെ.എം.എസ്.സി.എല്ലുമായി നിരന്തരം ബന്ധപ്പെടുന്നുണ്ടെന്നും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് മുഴുവൻ മരുന്നുകളും വിതരണം ചെയ്യുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.മുഴുവൻ മരുന്നുകളും ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 മരുന്നുകൾ വാങ്ങിയത് ക്രമപ്രകാരമല്ല

പ്രോജെക്ട് : 24/20203 (മാറഞ്ചേരി ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്ന് വാങ്ങൽ)
അടങ്കൽ:1200000(മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ്:1200000
നിർവഹണം:മെഡിക്കൽ ഓഫീസർ സി എച്ച് സി
മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.
ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആണ് മാറഞ്ചേരി സി.എച്ച്.സിയിൽ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്നത്. വർഷം തോറും ഡയാലിസിസ് യൂണിറ്റിലേക്ക് മരുന്ന് ആവശ്യമായിട്ടുള്ളതാണ്. കെ.എം.എസ്.സി.എല്ലിൽ മരുന്നുകൾ ലഭ്യമല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ വഴി മരുന്നുകൾ ലഭ്യമാക്കാവുന്നതാണ്. കെ.എം.എസ്.സി.എല്ലിൽ മരുന്നുകൾ ലഭ്യമല്ലെങ്കിൽ അത്യാവശ്യ മരുന്നുകൾ മാത്രമാണ്

നീതി,ജൻ ഔഷധി പോലെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ കൂടാതെ വാങ്ങാവുന്നത്. അലോപ്പതി മരുന്നുകൾ കെ.എം.എസ്.സി.എല്ലിൽ നിന്നും കാരുണ്യ ഫാർമസി ഡിപ്പോയിൽ നിന്നും ലഭ്യമാകാൻ കാലതാമസം വരുന്നപക്ഷം അത്യാവശ്യ മരുന്നുകൾ വാങ്ങാവുന്ന സ്ഥാപനങ്ങളുടെ പട്ടികയിൽ സ.ഉ.(സാധാ)നം.2243/2022/LSGD തിയതി 15.09.2022 പ്രകാരം സഹകരണ വകുപ്പിന് കീഴിലുള്ള നീതി സ്റ്റോറിനെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ അനുമതി ഉത്തരവ് വരുന്നതിന് മുമ്പ് തന്നെ മരുന്നുകൾ ക്വട്ടേഷൻ കൂടാതെ നീതി സ്റ്റോറിൽ നിന്ന് പർച്ചെയ്സ് ചെയ്തതായി കണ്ടു.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ബിൽ റഫറൻസ് നമ്പർ | തുക | നീതിയുടെ ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|
| 221504630220001100739/17.05.2022 | 122136 | 2122221104936/26.03.2022 | 122136 |
| 221504630220006500663/13.10.2022 | 189273 | 2223221100804/31.05.2022 | 115117 |
| 221504630220006500663/13.10.2022 | 189273 | 2223221100936/07.06.2022 | 74155 |
| ആകെ | | | 311408 |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/22.06.2023 ന് ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ച അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.മരുന്നുകൾ പർച്ചെയ്സ് ചെയ്യുമ്പോൾ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-14 ചിപ്പി വളർത്തൽ കൃഷിയിലെ അപാകത

| | |
|---|---|
| പ്രോജെക്ട് | 89/22-23(ചിപ്പി വളർത്തൽ കായൽ മുരിങ്ങ കൃഷി) |
| അടങ്കൽ | 300000 രൂപ (പൊതുവിഭാഗം സാധാരണവിഹിതം) |
| ചെലവ് | 300000 രൂപ (BRN:22150463022401546497/28.03.2023) |
| നിർവഹണം | അസിസ്റ്റന്റ് ഡയറക്ടർ (ഫിഷറീസ്) |

പ്രൊജക്ട് പ്രകാരം ചിപ്പി വളർത്തൽ കൃഷിക്ക് 5 ഗ്രൂപ്പുകൾക്ക് 60,000/- രൂപ വീതം ആകെ 300000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ.(കൈ)നം.115/2022/LSGD തിയതി 28.05.2022 ൽ ഖണ്ഡിക 6.4 ബി 3 പ്രകാരം മേൽ പദ്ധതി ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രം ഏറ്റെടുക്കാവുന്ന പദ്ധതിയാണ്. ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതല്ല. അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/23.06.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ മാർഗരേഖ പ്രകാരം മാത്രം നടപ്പിലാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ടെണ്ടർ നടപടികളില്ലാതെ SIDCO യിൽ നിന്നും പർച്ചേസ് ചെയ്തു

| | |
|---|---|
| പ്രോജക്ട് നം, പേര് | 110/23 – ബ്ലോക്ക് പഞ്ചായത്ത് ഓഫിസിലേക്ക് ഫർണിച്ചറും അനുബന്ധ ഉപകരണങ്ങൾ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | ₹1,50,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ആകെ ചെലവ് തുക | ₹149800/-<br>(ബിൽ നം/ തീയ്യതി- 247/15.02.2023) |

പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ഓഫിസിലേക്ക് കേരള സിഡ്കോ ലിമിറ്റഡിൽ നിന്ന് ഇൻവോയിസ് നം MJRI/22-23/162 തീ. 23.01.23 - ₹149800/-പ്രകാരം ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം |
|---|---|

| | യൂണിറ്റ് വില (₹) |
|---|---|
| L Shape Executive Table 1with Two Drawer And One Cupboard ,Key Board And UPS Provision Made In 18 Mm Rub Wood With Polishing 150x60x75 Cm, 75x45x75 | 3 @27500 |
| Office Table- One Cupboard, One Key Board Tray And UPS Provision Made In 18 Mm Rub Wood With Polishing 75x60x75 Cm | 2 @11824 |
| Special Type Conference Executive Chair Made In Rub Wood With Polishing Cushioned | 4 @5200 |
| ആകെ വില (GST ഉൾപ്പെടെ) | 149800/- |

2022-23 സാമ്പത്തിക വർഷ കാലയളവിൽ SIDCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 97/2022/SPD Dt 23.12.2022 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപട്ടികയിൽ ചേർത്തിട്ടുള്ള സ്പെസിഫിക്കേഷനും വിലയുമുള്ള ഉപകരണം ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ഇവ സിഡ്കോയിൽ നിന്ന് വാങ്ങുന്നതിന് ടെണ്ടർ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതായിരുന്നു. സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ നടപടികളില്ലാതെ വാങ്ങുന്നതിന് അനുമതി നൽകിയിട്ടില്ലാത്ത ഉപകരണം നേരിട്ട് വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറി (9/23.06.2023) ക്ക് ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ 27.06.23 ലെ ഭരണസമിതി യോഗത്തിൽ തീരുമാനിച്ചുവെന്നും ഭാവിയിൽ ആവർത്തിക്കില്ല എന്നും അറിയിച്ചു. വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-16 അരുണിമ പദ്ധതി വിളർച്ചാ രോഗം കണ്ടെത്തുന്നവർക്ക് പോഷകാഹാരം നൽകൽ- അപാകതകൾ

നിർവഹണോദ്യോഗസ്ഥൻ – സി ഡി പി ഒ
പദ്ധതി- അരുണിമ പദ്ധതി വിളർച്ചാ രോഗം കണ്ടെത്തുന്നവർക്ക് പോഷകാഹാരം നൽകൽ(138/23)
അടങ്കൽ - 1,00,000 (വികസന ഫണ്ട്- ജനറൽ)
ചെലവ് - 1,00,000 (വികസന ഫണ്ട്- ജനറൽ)
BRN No.-22150463021601570254/30.03.2023 – 1,00,000 രൂപ

പരിശോധനയുടെ അടിസ്ഥാനത്തിൽ വിളർച്ചാരോഗം കണ്ടെത്തുന്നവർക്ക് ആയത് പരിഹരിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാനായിട്ടാണ് മേൽ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച വിളർച്ചാരോഗമുള്ളവരുടെ ലിസ്റ്റ് മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിട്ടുള്ളത് 19.06.2023 നാണ്. വിളർച്ചയുള്ളവർക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാനായി മൾട്ടിപർപ്പസ് കോപ്പറേറ്റീവ് സൊസൈറ്റി , എരമംഗലത്ത് നിന്ന് താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ഇൻവോയിസ് നം. 7 PBP/23-24/28.03.2023, Multipurpose Co Op Limited, Eramangalam | | | | |
|---|---|---|---|---|
| ക്രമ നം | വാങ്ങിയ ഭക്ഷ്യ വസ്തുക്കൾ | അളവ്(kg) | നിരക്ക് | തുക |
| 1 | റാഗി പൊടി | 404 Kg | 66.50 | 26866 |
| 2 | ശർക്കര | 254 Kg | 68.11 | 17299.94 |
| 3 | ഈത്തപ്പഴം | 254 Pkt | 132 | 33528 |
| 4 | ഉണക്കമുന്തിരി | 202 Pkt | 82.60 | 16685.20 |
| | ആകെ തുക(നികുതി ഉൾപ്പടെ) | | | 96557 |

മേൽ സാധനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ പഞ്ചായത്തുകളിൽ വിതരണം ചെയ്ത വകയിൽ കയറ്റിറക്ക കൂലിയായി അനുവദിക്കണമെന്ന ഷീബ ടി ജി എന്നവരുടെ അപേക്ഷ പ്രകാരം 3443/- രൂപയും കൂടി ആകെ 1,00000/- രൂപ മേൽ ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്.
ഈ പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1. വിളർച്ചാരോഗ നിർണ്ണയം നടത്തി ലിസ്റ്റ് ലഭ്യമായിട്ടുള്ളത് 19.06.2023 നാണ്. എന്നാൽ ഗുണഭോക്താക്കളുടെ ലിസ്റ്റ്

ലഭ്യമാകുന്നതിന് മുൻപേ ഭക്ഷ്യധാന്യങ്ങൾക്ക് തുക ചെലവഴിച്ചു. ആവശ്യകത നിർണ്ണയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല.
2. സർക്കാർ ഉത്തരവ് (GO(P) 177/2006/Fin തീ.12.04.2006 പ്രകാരം അഡ്വാൻസ് തുക നൽകുന്നതിൽ ഭക്ഷ്യധാന്യങ്ങളുടെ വിതരണം ഉൾപ്പെടുന്നില്ല.
3. ഭക്ഷ്യധാന്യങ്ങളുടെ വിതരണവിവരം സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ഫയലിലില്ല.
അപാകത കാണിച്ച് ഓഡിറ്റ് എൻക്വയറി (2/20.06.2023) നൽകിയിരുന്നതിന് ഭക്ഷ്യധാന്യങ്ങൾ 23.06.2023 ന് വിവിധ അംഗനവാടികളിൽ ഇറക്കിയതിന്റെ അംഗനവാടി വർക്കർമാരുടെ കൈപ്പറ്റ് മാത്രമാണ് ലഭ്യമാക്കിയത്. അവ വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതും അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.
മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 100000/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു

## 1-17 CDPO നടപ്പാക്കിയ സുകൃതം പദ്ധതി- വിതരണ വിവരം ലഭ്യമാക്കേണ്ടതാണ്

അടങ്കൽ- 2000000 ( വി ഫ-1000000, മറ്റ് ഗ്രാമപഞ്ചായത്ത്- 1000000)

ചെലവ്- 1000000 ( വി ഫ-1000000, മറ്റ് ഗ്രാമപഞ്ചായത്ത്- 0)

BRN No.221504630216008746 79/07.12.2022-12000

221504630216009111 45/15.12.2022-1000

221504630216010275 76/11.012023 – 4000

221504630216015214 40/28.03.2023-198214

221504630216015702 53/30.03.2023-378746

221504630216015702 46/30.03.2023-198214

221504630216015702 44/30.03.2023-103913

221504630216015702 40/30.03.2023-103913

CDPO നടപ്പാക്കിയ 'സുകൃതം' എന്ന വയോജനങ്ങൾക്കുള്ള പ്രൊജക്റ്റിനു വേണ്ടി 1000000/- രൂപ മുകളിൽ ചേർത്ത പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ 966806/-രൂപ മൾട്ടിപർപ്പസ് കോപ്പറേറ്റീവ് സൊസൈറ്റി, എരമംഗലത്ത് നിന്ന് ഭക്ഷ്യധാന്യങ്ങൾ സപ്ലൈ ചെയ്തതിനാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം വാങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഇൻവോയിസ് നം. I PBP/21-22/28.02.2023, Multipurpose Co Op Limited, Eramangalam | | | | |
|---|---|---|---|---|
| ക്ര നം | വാങ്ങിയ ഭക്ഷ്യ വസ്തുക്കൾ | അളവ് | നിരക്ക് | തുക |
| 1 | ചുക്ക പൊടി | 500 Pkt | 131 | 65500 |
| 2 | മല്ലി പൊടി | 500 Pkt | 23.15 | 11575 |
| 3 | ഈന്തപ്പഴം | 500 Pkt | 132 | 66000 |
| 4 | ഉണക്കമുന്തിരി | 500 Pkt | 82.60 | 41300 |
| | ആകെ തുക(നികുതി ഉൾപ്പടെ) | | | 198214/- |
| ഇൻവോയിസ് നം. 6 PBP/21-22/17.03.2023, Multipurpose Co Op Limited, Eramangalam | | | | |
| 1 | ശർക്കര | 600 Pkt | 68 | 40800 |
| 2 | മലർ | 600 Pkt | 10 | 6000 |
| 3 | ഈന്തപ്പഴം | 600 Pkt | 132 | 79200 |
| 4 | ഉണക്കമുന്തിരി | 600 Pkt | 82.60 | 49560 |
| | ആകെ തുക(നികുതി ഉൾപ്പടെ) | | | 187542/- |
| ഇൻവോയിസ് നം. 5 PBP/21-22/17.03.2023, Multipurpose Co Op Limited, Eramangalam | | | | |
| 1 | റാഗി പൊടി | 600 Pkt | 66.50 | 39900 |
| 2 | നുറുക്ക ഗോതമ്പ് | 600 Pkt | 60 | 36000 |
| 3 | ചുക്ക പൊടി | 600 Pkt | 131 | 78600 |

| | | | | |
|---|---|---|---|---|
| 4 | മല്ലി പൊടി | 600 Pkt | 23.15 | 13890 |
| | ആകെ തുക(നികുതി ഉൾപ്പടെ) | | | 175010 |
| ഇൻവോയിസ് നം. 4 PBP/21-22/28.02.2023, Multipurpose Co Op Limited, Eramangalam | | | | |
| 1 | ചുക്ക പൊടി | 500 Pkt | 131 | 65500 |
| 2 | ഉണക്കമുന്തിരി | 500 Pkt | 82.60 | 41300 |
| 3 | ഈത്തപ്പഴം | 500 Pkt | 132 | 66000 |
| 4 | മല്ലി പൊടി | 500 Pkt | 23.15 | 11575 |
| | ആകെ തുക(നികുതി ഉൾപ്പടെ) | | | 198214/- |
| ഇൻവോയിസ് നം. 2 PBP/21-22/28.02.2023, Multipurpose Co Op Limited, Eramangalam | | | | |
| 1 | റാഗി പൊടി | 500 Pkt | 66.50 | 33250 |
| 2 | നുറുക്ക ഗോതമ്പ് | 500 Pkt | 60 | 30000 |
| 3 | മലർ | 500 Pkt | 10 | 5000 |
| 4 | ശർക്കര | 500 Pkt | 68 | 34000 |
| | ആകെ തുക(നികുതി ഉൾപ്പടെ) | | | 103913 |
| ഇൻവോയിസ് നം. 3 PBP/21-22/28.02.2023, Multipurpose Co Op Limited, Eramangalam | | | | |
| 1 | റാഗി പൊടി | 500 Pkt | 66.50 | 33250 |
| 2 | നുറുക്ക ഗോതമ്പ് | 500 Pkt | 60 | 30000 |
| 3 | മലർ | 500 Pkt | 10 | 5000 |
| 4 | ശർക്കര | 500 Pkt | 68 | 34000 |
| | ആകെ തുക(നികുതി ഉൾപ്പടെ) | | | 103913 |

മേൽ ഇൻവോയ്സ് പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റേയോ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ICDS സൂപ്പർവൈസർക്ക് കൈമാറിയതിന്റേയോ രേഖകളൊന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഈ പദ്ധതി ബ്ലോക്ക് പഞ്ചായത്തുകൾക്ക് നടപ്പിലാക്കാനാവില്ല. ബ്ലോക്ക് പഞ്ചായത്തിന് നടപ്പിലാക്കുവാൻ അനുവാദമില്ലാത്ത ഇക്കാര്യത്തിൽ പ്രത്യേക അനുവാദം ലഭ്യമായെങ്കിൽ അറിയിക്കേണ്ടതാണ്. അപാകതക്ക് വിശദീകരണം ലഭ്യമാക്കാനായി ഓഡിറ്റ് എൻക്വയറി (18/23.06.2023) നൽകിയതിന് വിവിധ പഞ്ചായത്തിലെ സുകൃതം പദ്ധതിയിലെ ഗുണഭോക്താക്കളുടെ ലിസ്റ്റാണ് ലഭ്യമാക്കിയത്. ചെലവു തുക 10,00,000/-രൂപ ഭക്ഷ്യധാന്യങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതു വരെ തടസ്സം ചെയ്യുന്നു.

## 1-18 സർക്കാർ ഉത്തരവിനു വിരുദ്ധമായി ARTCO മുഖേന പ്രൊജക്ട് നടപ്പാക്കി.

നിർവഹണോദ്യോഗസ്ഥൻ - സി ഡി പി ഒ

പ്രോജെക്ട് : 13/20203 (ബ്ലോക്ക് പരിധിയിൽ സ്മാർട്ട് അംഗനവാടികൾ)

അടങ്കൽ:1099638(FC-Grant)

ചെലവ്:999639

ബിൽ നം. 329/15.03.2023 - 110790

330/15.03.2023- 110800

331/15.03.2023-147537

332/15.03.2023- 132594

333/15.03.2023- 128250

359/25.03.2023- 369668

ബ്ലോക്ക് പരിധിയിലെ അംഗനവാടികൾ സ്മാർട്ട് അംഗനവാടികൾ ആക്കുന്നതിനായി ARTCO കോഴിക്കോടിൽ നിന്നും ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സുകളിൽ സപ്ലൈ ചെയ്ത സാധനങ്ങളുടെ തുക കൂടാതെ പെയിന്റിംഗ് പ്രവൃത്തികൾ നിർവ്വഹിച്ചതിന്റെ തുക കൂടി ഉൾക്കൊള്ളുന്നുണ്ട്).

ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) സർക്കാർ ഉത്തരവിന് വിരുദ്ധമായ വാങ്ങൽ നടത്തി.

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖ 9.23 പ്രകാരം 5 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സർക്കാർ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന സാധനങ്ങൾ വാങ്ങണമെങ്കിൽ ടെണ്ടർ നടപടികൾ പാലിക്കേണ്ടതുണ്ട്. മേൽ വ്യവസ്ഥക്ക് ഇളവ് നൽകിക്കൊണ്ട് ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങളും അവയ്ക്ക് നൽകാവുന്ന വിലയും വ്യക്തമാക്കി കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചു മാത്രമേ ടെണ്ടർ കൂടാതെ സാധനങ്ങൾ വാങ്ങാനാവൂ. 2021-22 സാമ്പത്തിക വർഷ കാലയളവിൽ ARTCO യിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാവുന്ന സാധനങ്ങൾ, വില എന്നിവ വ്യക്തമാക്കി GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളുടെ ഖണ്ഡിക 4 പ്രകാരം "വാങ്ങുന്ന സാധനങ്ങൾ ARTCO നിർമ്മിച്ചതാണ് എന്നും അവ പുറമെ നിന്ന് വാങ്ങിയത് അല്ല " എന്നുമുള്ള ഒരു സാക്ഷ്യപത്രം ARTCO മാനേജിംഗ് ഡയറക്ടറിൽ നിന്ന് പർച്ചേസിംഗ് ഓഫീസർ ലഭ്യമാക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ മേൽ പരാമർശിക്കപ്പെട്ട ഉത്തരവിൽ ഉൾപ്പെടുത്താത്ത സാധനങ്ങൾ വാങ്ങണമെങ്കിൽ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ അനുസരിച്ച് ടെണ്ടർ / ക്വട്ടേഷൻ നടപടികൾ പാലിക്കണം എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2022-23 വർഷത്തിൽ CDPO നിർവഹണം നടത്തിയ ബ്ലോക്ക് പരിധിയിൽ സ്മാർട്ട് അംഗനവാടികൾ എന്ന പ്രൊജക്ട് പ്രകാരം ഫർണിച്ചർ വാങ്ങിയത് ARTCO യിൽ നിന്നാണ്. പ്രൊജക്ടുകളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

പ്രൊജക്ട് പ്രകാരം വാങ്ങിയ സാധനങ്ങളിൽ താഴെ പരാമർശിക്കുന്ന സാധനങ്ങൾ ടെണ്ടർ കൂടാതെ ARTCO യിൽ നിന്ന് വാങ്ങാൻ GO(RT) 1/2021/SPD Dt 05.01.2021, GO(Rt) 27/ 2020 /SPD Dt 31.12.2020 എന്നീ ഉത്തരവുകൾപ്രകാരം അംഗീകരിക്കപ്പെട്ട് കാണുന്നില്ല.

| ക്രമ നം | സാധനം | വാങ്ങിയ അളവ്/ ഒന്നിന്റെ വില | നികുതി ഉൾപ്പെടെ ആകെ വില |
|---|---|---|---|
| 1 | Steel Marry Go Round -4 Seat With Angle Iron And GI Pipe | 4 @33294 | 157147.68 |
| 2 | Steel Double Swing With Roof | 4 @23800 | 112336 |
| 3 | Spring Rider Duck | 5 @18500 | 87320 |
| 4 | Sea- Saw- 3 Meter Length-with Angle Iron And GI Pipe And Sheet | 1 @10902 | 12864.36 |
| 5 | Toy Bin | 5 @1900 | 11210 |
| 6 | Ride On | 5 @1900 | 11210 |
| 7 | KIDNEY TABLE – COLOURFULL AND ATTRACTIVE TABLE WITH MINIMUM L 135"*W75" *H 50" WITH STRONG 4 LEGS AND ANTI SKID RUBBER BUSH | 20 @3990 | 94164 |
| 8 | BABY PLASTIC CHAIR- FULLY | 116 | 54478.24 |

| | | | |
|---|---|---|---|
| | SINGLE MOULDED SOLID AND EXTRA STRONG Stackable | @398 | |
| 9 | Kids Easel Magnetic Black And White Board Double Sided Min 37*43 Cm | 5 @3400 | 20060 |
| 10 | S Shape Book Shelf Multicolours Stand And Shelf,fully Detachable Adjustanle Racks | 5 @3990 | 23541 |
| 11 | Teacher Student Shelf | 5 @5400 | 31860 |
| 12 | Impex TROLLY SPEAKER | 5 @6500 | 38350 |
| 13 | Bisephanol Free Ethylene Vinyl Acetate Flooring Child Friendly Attractive Light Weight And Durable Including Installation | 1 @14600 | 16352 |
| 14 | Bisephanol Free Ethylene Vinyl Acetate Flooring Child Friendly Attractive Light Weight And Durable Including Installation | 1 @15437 | 17289.44 |
| 15 | Bisephanol Free Ethylene Vinyl Acetate Flooring Child Friendly Attractive Light Weight And Durable Including Installation | 1 @28962 | 32437.44 |
| 16 | Bisephanol Free Ethylene Vinyl Acetate Flooring Child Friendly Attractive Light Weight And Durable Including Installation | 1 @26400 | 29568 |
| 17 | Bisephanol Free Ethylene Vinyl Acetate Flooring Child Friendly Attractive Light Weight And Durable Including Installation | 1 @21750 | 24360 |
| | ആകെ | | 774549 |

2) അക്രഡിറ്റഡ് ഏജൻസി പ്രവൃത്തി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച സ്ഥാപനമാണ് ആർട്‌കോ. ആയതിനാൽത്തന്നെ ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ ARTCO മുഖേന നടപ്പാക്കാവുന്നതാണ്.

അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുള്ള സർക്കാർ ഉത്തരവുകൾ ( GO(P) 118/2018/Fin Dt 03.08.2018, GO(P) 77/2019/Fin Dt 04.07.2019 ) അനുസരിച്ച് അക്രഡിറ്റഡ് ഏജൻസി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ , സാങ്കേതികാനുമതി നൽകൽ എന്നിവ പ്രസ്തുത അക്രഡിറ്റഡ് ഏജൻസിയുടെ ചുമതലയാണ്. കൂടാതെ പ്രവൃത്തി നടത്തുന്ന ഏജൻസികൾ PWD മാന്വലിലെ നിബന്ധനകൾ പാലിക്കുകയും ചെയ്യണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ARTCO മുഖേന നടപ്പാക്കിയ മേൽ പദ്ധതിയിൽ 225090/- രൂപ അംഗനവാടികളുടെ പെയിന്റിംഗ് വർക്കുകൾക്കാണ് ചെലവഴിച്ചിട്ടുള്ളത് . എന്നാൽ ഈ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് ARTCO തയ്യാറാക്കിയിട്ടില്ല. എസ്റ്റിമേറ്റിന് സാങ്കേതികാനുമതിയും നല്കിയിട്ടില്ല. പ്രവൃത്തികൾക്ക് ARTCO നിരക്ക് നിശ്ചയിച്ചതിന്റെ മാനദണ്ഡവും വ്യക്തമാക്കിയിട്ടില്ല.പ്രവൃത്തി നിശ്ചിത ഗുണനിലവാരപ്രകാരം നടത്തിയോ എന്നതും പ്രവൃത്തിയുടെ അളവും നിർവഹണോദ്യോഗസ്ഥനോ മറ്റ് ഏതെങ്കിലും ക്ഷമതയുള്ള ഉദ്യോഗസ്ഥരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.
അപാകത കാണിച്ച് ഓഡിറ്റ് എൻക്വയറി (23/23.06.2023) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.
മറുപടി ലഭ്യമാക്കുന്നതു വരെ സർക്കാർ ഉത്തരവിനു വിരുദ്ധമായി ഫർണ്ണീച്ചർ ARTCO യിൽ നിന്നും പർച്ചേസ് ചെയ്തതു വഴി ചെലവായ 774549/- രൂപ തടസ്സം ചെയ്യുന്നു.

## 1-19 പ്രീ-മെട്രിക് ഹോസ്റ്റലിലേക്ക് വാഷിംഗ് മെഷീൻ വാങ്ങൽ- വാങ്ങൽ നിബന്ധനകൾ പാലിച്ചില്ല-

2022-23 സാമ്പത്തിക വർഷത്തിൽ പെരുമ്പടപ്പ് ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ വാങ്ങൽ പ്രൊജക്ടിൽ സർക്കാർ നിശ്ചയിച്ച വാങ്ങൽ നിബന്ധനകൾ പാലിച്ചില്ല
വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | S0060/23 |
| പ്രൊജക്ടിന്റെ പേര് | പ്രീ-മെട്രിക് ഹോസ്റ്റലിലേക്ക് വാഷിംഗ് മെഷീൻ വാങ്ങൽ- |
| അടങ്കൽ തുക | 1,50000/- MG ( NR) |
| ചെലവ് | 55800/- BRN 22150463021801199684/16 /02/23 |
| വിതരണ ഏജൻസി | സ്മിതാസ് ഇലക്ട്രോണിക്സ് & ഹോം അപ്ലയൻസസ് പെരുമ്പടപ്പ്, പാറ- ഇൻവോയ്സ് സീരിയൽ നമ്പർ- 708- തീയ്യതി 06/02/23 |

2022-23 സാമ്പത്തിക വർഷത്തിൽ പെരുമ്പടപ്പ് ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസർ നടപ്പിലാക്കിയ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ ദൈനംദിന ചെലവുകൾ എന്ന പ്രൊജക്ടിലുൾപ്പെടുത്തി പ്രീ-മെട്രിക് ഹോസ്റ്റലിലേക്ക് 2 വാഷിംഗ് മെഷീൻ മേൽ പറഞ്ഞ പ്രകാരം വാങ്ങിയിട്ടുണ്ട്. മെഷീനുകൾ വാങ്ങിയിരിക്കുന്നത് മേൽ പട്ടികയിൽ പറഞ്ഞസ്വകാര്യ സ്ഥാപനത്തിൽ നിന്നാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് 08.11.2010-ലെ ജി.ഒ.(പി) നം 259/2010- ലെ സാധന-സേവന സമാഹരണ മാനുവലിലെ നിബന്ധനകളാണ് ബാധകമെങ്കിലും പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിൽ വാങ്ങലുകൾക്ക് ബാധകമായ പല വ്യവസ്ഥകളും ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ 2013 – ലെ സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകളും ബാധകമായിരിക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ജി.ഒ.(പി) നമ്പർ 03/2013 SPD തീയ്യതി 21.08.2013 – ലെ സ്റ്റോർ പർച്ചേസ് മാനുവലിൽ കേരളത്തിൽ GEM മുഖേനയുള്ള വാങ്ങൽ നടപ്പാക്കുന്നതിനായി ജി.ഒ(പി) നമ്പർ 02/2018 എസ്.പി.ഡി. തീയ്യതി 28.04.2018 പ്രകാരം അധ്യായം. 19 കൂട്ടിച്ചേർത്തിട്ടുണ്ട്. ഇത് പ്രകാരം (19.3) 25000 രൂപക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കേണ്ടതാണ്. ഏതെങ്കിലും പ്രത്യേക ഇനം GeM- ൽ ലഭ്യമല്ലെങ്കിലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതിനാലോ ആയതിനുള്ള കാരണം രേഖപ്പെടുത്തി സ്റ്റോർ പർച്ചേസ് മാനുവലിലെ മറ്റു ബാധകമായ വാങ്ങൽ രീതികൾ അവലംബിക്കാവുന്നതാണ്. എന്നാൽ വാഷിംഗ് മെഷീനുകളുടെ കാര്യത്തിൽ അത്തരം സങ്കീർണതകൾ ഒന്നും ഇല്ലാത്തതിനാലും താരതമ്യേന കുറഞ്ഞ വിലയിൽ നിലവാരമുള്ള ഉൽപന്നങ്ങൾ ലഭ്യമാണെന്നതിനാലും സർക്കാർ പർച്ചേസ് പോർട്ടൽ ഉപയോഗപ്പെടുത്താതെ, സർക്കാർ നിബന്ധനക്ക് വിരുദ്ധമായി ലോക്കൽ പർച്ചേസ് നടത്തിയ നടപടിയിൽ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 05/20.06.202) മേലിൽ വാങ്ങൽ നിബന്ധനകളും കാലാകാലങ്ങളിൽ ഇത് സംബന്ധിച്ച നിർദേശങ്ങളും ഉത്തരവുകളും പാലിക്കുന്നതാണെന്ന് മറുപടി നൽകി . ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രൊജക്ടുകൾ - പൊതു അവലോകനം

2022-23 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ സ്പിൽ ഓവർ ഉൾപ്പെടെ 20 എണ്ണത്തിനാണ് അംഗീകാരം ലഭിച്ചത് . തൻ വർഷം മുഴവൻ പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷം 12354745 രൂപ അടങ്കൽ വകയിരുത്തിയെങ്കിലും 11342378രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ക്യാഷ്ബുക്ക് ദൈനംദിനം എഴുതുന്നുണ്ടെങ്കിലും ദിനാന്ത്യ- മാസാന്ത്യ-വർഷാന്ത്യ ക്ലോസിംഗ് നടത്തുകയോ സംക്ഷിപ്തം എഴുതി നിർവഹണോദ്യോഗസ്ഥൻ ഒപ്പ് വെക്കുകയോ ചെയ്യുന്നില്ല. ടെൻഡർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ച് പോരുന്നുണ്ട്. ക്യാഷ്ബുക്കുമായി ബന്ധപ്പെട്ട് മേൽ പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 2916000 | ലൈഫ്/പി.എം.എ.വൈ ജനറൽ(67/23) | 2916000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 2586000 | ലൈഫ്/പി.എം.എ.വൈ എസ്.സി(68/23) | 2586000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | 376000 | ലൈഫ്/പി.എം.എ.വൈ ജനറൽ(4/23) | 376000 | 0 |
| ഗ്രാമ പഞ്ചായത്ത് | 0 | 470000 | സ്പെക്ട്രം സ്കൂൾ തുടർപ്രവർത്തനം(9/23) | 470000 | 0 |
| ഗ്രാമ പഞ്ചായത്ത് | 0 | 299432 | കോൾപ്പാടശേഖരത്തിലേക്ക് കെ.എസ്.ഇ.ബി ലൈൻ എക്സ്റ്റൻഷൻ | - | 299432 |
| ഗ്രാമ പഞ്ചായത്ത് | 0 | 1310000 | ലൈഫ്/പി.എം.എ.വൈ ജനറൽ(67/23) | 1310000 | 0 |
| ഗ്രാമ പഞ്ചായത്ത് | 0 | 1175000 | ലൈഫ്/പി.എം.എ.വൈ എസ്.സി(68/23) | 1175000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 1999-00 | 2(5) | 3931 | വിശ്വംഭരൻ.പി.കെ ഇ.ഒ(ഐ.ആർ.ഡി)ബി.ഡി.ഒ | 122040100012/27.07.2022 |
| 2016-17 | 3(5) | 40401 | ഹംസക്കുട്ടി മരക്കരാകത്ത് ഹൌസ്,പാലപ്പെട്ടി | 122040100046/20.03.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓ.റി വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3(4) | 2007-08 | 3.1.48 | കുടിവെള്ള പദ്ധതി ലക്ഷ്യം നേടിയില്ല | തടസ്സം തുടരുന്നു |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75307398 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73486208 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1874549 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 100000 | ശ്രീമതി. പ്രസന്ന.പി.എം,സിഡി.പി.ഒ |
| 1-17 | 100000 | ₹ 13000 ശ്രീമതി. ആഷാറാണി, സിഡി.പി.ഒ<br>₹ 9,87,000 ശ്രീമതി. പ്രസന്ന.പി.എം, സിഡി.പി.ഒ |

| | | |
|---|---|---|
| 1-18 | 774549 | ശ്രീമതി.പ്രസന്ന.പി.എം,സിഡി.പി.ഒ |
| ആകെ | 1874549 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ്.എം 4/1567/05 തിയതി 7.6.2006 | 8 |
| 1999-00 | എൽഎഫ്.എം 9/190/06 തിയതി 7.06.2006 | 11 |
| 2000-01 | എൽഎഫ്.എം 10/966/07 തിയതി 22.1.2008 | 2 |
| 2002-03 | എൽഎഫ്.എം 10/968/07 തിയതി 22.1.2008 | 3 |
| 2003-04 | എൽഎഫ്.എം 10/969/07 തിയതി 19.1.2007 | 1 |
| 2004-05 | എൽഎഫ്.എം 10/970/07 തിയതി 16.10.2007 | 1 |
| 2005-06 | എൽഎഫ്.എം 10/971/07 തിയതി 25.10.2007 | 3 |
| 2006-07 | എൽഎഫ്.എം 15/486/10 തിയതി 5.7.2010 | 4 |
| 2007-08 | എൽഎഫ്.എം 15/487/10 തിയതി 11.6.2010 | 4 |
| 2008-09 | എൽഎഫ്.എം 4/516/12 തിയതി 12.4.12 | 3 |
| 2009-10 | എൽഎഫ്.എം 4/517/12 തിയതി.12.4.12 | 5 |
| 2010-11<br>2012-13 | എൽഎഫ്.എം 4/1371/2014 തിയതി 23.8.14 | 15 |
| 2013-14 | എൽഎഫ്.എം 4/283/2015 തിയതി 25.2.15 | 5 |
| 2014-15 | കെ.എസ്.എ.എം.പി.എം.8/2736/15 തിയതി :27-11-2015 | 8 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.8/684/2017 തിയതി :22-03-2017 | 11 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.8/2488 /2017തിയതി29.11.17 | 15 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.8/1785 /2022തിയതി12.08.2022 | 16 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.8/1294 /2020തിയതി11.05.21 | 6 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.8/1329 /2022തിയതി 02.12.22 | 7 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.8/1330/2022 തിയതി 02.12.22 | 9 |
| 2020-21 | നം.കെ.എസ്.എ.എം.പി.എം.8/511/2023 തിയതി 31.03.2023 | 7 |
| 2021-22 | നം.കെ.എസ്.എ.എം.പി.എം.8/511/2023 തിയതി 31.03.2023 | 8 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 10/01 dated 19-05-2023 and submitted on 01-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Perumpadappa Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Perumpadappa Block Panchayat for the year 2022-2023

Date: 11/09/2023

Senior Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Perumpadappa Block Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.

a)Ratios

b) comparative amounts of previous year.

2. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.(a).The accounts recorded on Advance register is not match with the accounts concerned in Annual Financial

statements

(b). The deposit register not submitted for audit.

4. In Reconciliation Statement of Special TSB for NABARD pass book balance is 2641290, but Bank Statement as on 31.03.2022 not produced for verification.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്